കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാങ്ങോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19


ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ./ടി.വി.എം/ജി.പി.10/805/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം ജില്ല
തീയതി.06.10.2020

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാങ്ങോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാങ്ങോട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

**3)കാര്യാലയ പകർപ്പ്**

നം.കെ.എസ്.എ./ടി.വി.എം/ജി.പി.10/805/2020 തിയതി:06.10.2020

# <u>തിരുവനന്തപുരം ജില്ലയിലെ പ◌ാങ്ങോട്ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2019 മുതൽ 10-07-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. ശ്രീജ കെ. ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.07.2020 മുതൽ 21.07.2020 വരെ |

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. സനിൽ. എസ്. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| ശ്രീമതി.അസീന എ.പി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. സുജേഷ് എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. ശാലിനി വി.കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

<table>
<tr><th></th><th>പേര്</th><th>കാലയളവ്</th></tr>
<tr><td>പ്രസിഡന്റ്</td><td>ശ്രീമതി.എസ്.ഗീത</td><td>01-04-2018മുതൽ 31-03-2019 വരെ</td></tr>
<tr><td rowspan="3">സെക്രട്ടറി</td><td>ശ്രീ.സന്തോഷ് കുമാർ ജെ.എസ്.</td><td>01-04-2018മുതൽ 21-06-2018വരെ</td></tr>
<tr><td>ശ്രീമതി. വത്സല ആർ.</td><td>22-06-2018മുതൽ 31-01-2019വരെ</td></tr>
<tr><td>ശ്രീമതി. രാധാമണി എം.ജി.</td><td>01-02-2019 മുതൽ 31-03.2019 വരെ</td></tr>
</table>

നിർവ്വഹണോദ്യോഗസ്ഥർ

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി .കല കെ.എസ്. | 01-04-2018 മുതൽ<br>31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ദിലീപ് വി. | 01-04-2018 മുതൽ<br>18-06-2018 വരെ |
| | ശ്രീ. സനിൽകുമാർ | 19-06-2018 മുതൽ<br>31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി. | ഡോ.കണ്ണൻ | 01-04-2018 മുതൽ<br>31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | ഡോ. കണ്ണൻ<br>(ഇൻ- ചാർജ്) | 01-04-2018 മുതൽ<br>31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ. ഷീജ വി.ജെ. | 01-04-2018 മുതൽ 31-03-2019<br>വരെ |
| വെറ്റിനറി സർജൻ | ഡോ. അനില<br>പീതാംബരൻ | 01-04-2018 മുതൽ 31-03-2019<br>വരെ |
| വി.ഇ.ഒ. സർക്കിൾ 1 | ശ്രീമതി. സൗമ്യ<br>ആർ.ബി. | 01-04-2018 മുതൽ 31-03-2019<br>വരെ |
| വി.ഇ.ഒ. സർക്കിൾ 2 | ശ്രീ.പ്രദീപ്കുമാർ<br>വി.ആർ. | 01-04-2018 മുതൽ 31-03-2019<br>വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ബഗിതബന്ധു | 01-04-2018 മുതൽ 31-03-2019<br>വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. ബിന്ദു<br>ജെ.എസ്. | 01-04-2018 മുതൽ 30-06-2018<br>വരെ |
| | ശ്രീമതി. ബിനിത റ്റി.എ. | 01-07-2018 മുതൽ 16-09-2018 |

| | | |
|---|---|---|
| | | വരെ |
| | ശ്രീമതി. ഉഷാകുമാരി | 17-09-2018 മുതൽ 31-03-2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. അബ്ദുൾ അസീസ് എം. | 01-04-2018 മുതൽ 31-03-2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സൗമ്യ | 01-04-2018 മുതൽ 31-03-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 – ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഡെമോളിഷ്ഡ് രജിസ്റ്ററിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ ഡിമാന്റിൽ നിന്നും ഒഴിവാക്കിയില്ല | 1-12 |
| 13 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-13 |
| 14 | എസ്.എൽ.ഐ./ജി.ഐ.എസ്. തുകകൾ ആനുപാതികമായി കുറവ് ചെയ്തില്ല. | 1-14 |
| 15 | പെർമിറ്റ് അപേക്ഷകൾ സമയബന്ധിതമായി നടപടി കൈക്കൊള്ളുന്നില്ല | 1-15 |
| 16 | വസ്തു നികുതി നിർണ്ണയം - അപാകതകൾ | 1-16 |
| 17 | സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-17 |
| 18 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ-നടപടിക്രമംപാലിക്കുന്നില്ല | 1-18 |
| 19 | ബജറ്റ് പാസ്സാക്കൽ -നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-19 |
| 20 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്ക് ലൈസൻസ് നൽകൽ - അപാകങ്ങൾ | 1-20 |
| 21 | തൊഴിൽ നികുതി ഈടാക്കിയതിൽ വീഴ്ച | 1-21 |
| 23 | ഫാമുകൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു. | 1-22 |
| 25 | മാലിന്യ സംസ്കരണ പ്ലാന്റുകൾ - തുടർ നടപടികളുടെ അഭാവത്തിൽ ലക്ഷ്യം കൈവരിച്ചില്ല. | 1-23 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 26 | കല്ലറ വാട്ടർ ഷെഡ് വിഹിതം - പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-24 |
| 27 | രസീതി പരിശോധന - അപാകതകൾ | 1-25 |
| 28 | കിണർ റീചാർജിംഗ് പദ്ധതി നടത്തിപ്പ് - അപാകതകൾ | 1-26 |
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- രേഖകൾ ഹാജരാക്കിയില്ല. | 1-27 |
| 30 | വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ- ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-28 |
| 31 | ലൈഫ്ഭവനപദ്ധതി നടത്തിപ്പ് അപാകതകൾ | 1-29 |
| 32 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- തുക തടസ്സം ചെയ്യുന്നു | 1-30 |
| 33 | യോഗപരിശീലനം- അപാകതകൾ | 1-31 |
| 34 | കരാർ ചമച്ചതിൽ കാലതാമസം - നടപടിക്രമങ്ങൾ സ്വീകരിച്ചില്ല | 1-32 |
| 35 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ ചെയ്യുന്നു. | 1-33 |
| | ഭാഗം 2<br>വരവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3<br>ചെലവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 37 | കരാർ ചമച്ചതിൽ കാലതാമസം - നടപടിക്രമങ്ങൾ സ്വീകരിച്ചില്ല | 3-1 |
| | ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 38 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 39 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 40 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 42 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 43 | സ്ഥിര നിക്ഷേപം | 4-6 |
| 44 | ഓഡിറ്റ് റിക്കവറി | 4-7 |
| 45 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 46 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 49 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | Annexure |


## ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 26-03-2018 ലെ1(1) ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 09-07-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,06,15,817 |
| വരവ് | 12,34,53,327 |
| ആകെ | 13,40,69,144 |
| ചെലവ് | 10,28,08,788 |
| നീക്കിയിരുപ്പ് | 3,12,60,356 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 23105647 | 23105647 | 23105647 | 0 |
| എസ്.സി.പി | 0 | 8448380 | 8448380 | 844380 | 0 |
| റ്റി.എസ്.പി | 0 | 2096136 | 2096136 | 2096136 | 0 |
| സി.എഫ്.സി | 0 | 11231608 | 11231608 | 11231608 | 0 |
| ബി.ഫണ്ട് | 0 | 517320 | 517320 | 517320 | 0 |
| മെയിന്റനൻസ് റോഡ് | 0 | 13924251 | 13924251 | 13924251 | 0 |
| മെയിന്റനൻസ് നോൺ-റോഡ് | 0 | 4070272 | 4070272 | 4070272 | 0 |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| ട്രഷറി റ്റി.എസ്.ബി | 1134079 | 24228014 | 25362093 | 10586120 | 14775973 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 11542 | 765881 | 777423 | 775401 | 2022 |
| ജോയിന്റ് വെൻച്വർ | -605490 | 7895633 | 7290143 | 6023783 | 1266360 |
| സാക്ഷരത | 314111 | 0 | 314111 | 649 | 313462 |
| എസ്. ബി.ഐ ഇ-പേയ്മെന്റ് | 7505 | 30889 | 38394 | 649 | 37745 |
| തനത് ഫണ്ട് | 9471048 | 12102774 | 21573822 | 6935231 | 14638591 |
| എസ്.ബി.ഐ | 0 | 14833619 | 14833619 | 14833619 | 0 |
| ഡിസ്ട്രസ് റിലീഫ് ഫണ്ട് | 25300 | 0 | 25300 | 2000 | 23300 |
| ക്യാഷ് | 257722 | 202903 | 460625 | 257722 | 202903 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 200 | 150537601 | 146 | 85485885 | 0 | 54 | 73 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 11542 | 765881 | 777423 | 775401 | 2022 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 61909499 | 61909499 | 61909499 | |
| ആകെ | 11542 | 62675380 | 62686922 | 62684900 | 2022 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 571320 | 408 |
| കർഷകതൊഴിലാളി പെൻഷൻ | 9071300 | 753 |
| വിധവാപെൻഷൻ | 23148900 | 1809 |
| വാർദ്ധക്യകാലപെൻഷൻ | 31914200 | 2419 |
| വികലാംഗപെൻഷൻ | 5217500 | 398 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 315600 | 25 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.07.2020 ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1216/- (ആയിരത്തി ഇരുന്നൂറ്റിപ്പതിനാറ് ) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഒരു പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ശക്തമായ ആഭ്യന്തരനിയന്ത്രണം അനിവാര്യമാണ്. ആഭ്യന്തര നിയന്ത്രണത്തിൽ പഞ്ചായത്ത് കുറച്ച് കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയൽ, അനുബന്ധരേഖകൾ എന്നിവയൊന്നും തന്നെ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല, പൊതുമരാമത്തുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഒരു പ്രവൃത്തിക്ക് ലഭിച്ച മുഴുവൻ ടെണ്ടറുകളും ഫയലുകളിൽ സൂക്ഷിക്കുന്നതിനുപകരം തെരഞ്ഞെടുത്തതായിപ്പറയുന്ന ടെണ്ടർ മാത്രമെ ഫയലിനോടൊപ്പം സൂക്ഷിക്കുന്നുള്ളൂ. ഇത് മൂലം തെരഞ്ഞെടുത്ത ടെണ്ടറിന്റെ ആധികാരികത പരിശോധിക്കാൻ സാധിക്കാതെ പോകുന്നു. പദ്ധതി സംബന്ധമായ പ്രവർത്തന കലണ്ടറും ഫയലിനോടൊപ്പം സൂക്ഷിക്കുന്നില്ല. പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനുമായി ചമയ്ക്കുന്ന കരാറിൽ പ്രവർത്തനകലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് എന്ന നിബന്ധനയുണ്ട്. എന്നാൽ പ്രവർത്തനകലണ്ടർ കരാറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02-09-2019 | 09/2019 | 02-09-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-02-2013 മുതൽ 28-02-2013വരെ | 2007-08 മുതൽ 2011-12 വരെ | 09-04-2013 വരെ |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് കെ.എസ്.എ.റ്റി.വി.എം./ജി.പി.10/1457/2019 തീയതി 18.08.2019 പ്രകാരം റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-12 ഡെമോളിഷ്ഡ് രജിസ്റ്ററിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ ഡിമാന്റിൽ നിന്നും ഒഴിവാക്കിയില്ല

ചുവടെപ്പറയുന്ന കെട്ടിടങ്ങൾ 2018-19 വർഷത്തെ ഡെമോളിഷ്ഡ് രജിസ്റ്ററിൽ ഉൾപ്പെട്ടവയാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഇപ്പോഴും ഇവ 2019-20 വർഷത്തെ ഡിമാന്റിൽ ഉൾപ്പെട്ട് കാണുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/17-07-2020) പ്രസ്തുത അപാകം സംഭവിച്ചുവെന്നും വരും വർഷങ്ങളിൽ ഇപ്രകാരമുള്ള അപാകതകൾ സംഭവിക്കാതെ നോക്കുന്നതാണെന്നും സെക്രട്ടറി വിശദീകരണം നൽകി. വസ്തുനികുതി നിർണയം സംബന്ധിച്ച് രേഖകളുടെയും സഞ്ചയ സ്റ്റേറ്റ്മെന്റിന്റെയും രേഖപ്പെടുത്തലുകൾ 2011-ലെ കേരള പഞ്ചായത്ത് രാജ് അനുശാസിക്കും പ്രകാരം കുറ്റമറ്റതാക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഡിമോളിഷ്ഡ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം |
|---|---|---|---|
| 1 | XVI/222 | ശ്രീമതി.ഓമന, ഉണ്ണിവിളാകം | 05-04-2018 ലെ II |
| 2 | I/837 | ശ്രീ.നിസാം | 08-02-2019 ലെ IV(2) |

# 1-13 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2018-19വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത ചുവടെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി 26/17-07-2020 നുള്ള മറുപടി)..

| ക്രമനം | കരാറുകാരന്റെ പേര് വിവരം |
|---|---|
| 1 | ശ്രീ.സാജിദ്.എം.ഇ, വലിയ പ്ലാങ്കാവിള വീട്, ആറാലുംമൂട് |
| 2 | ശ്രീ.എം.സലാഹുദ്ദീൻ, തൻസീർ മൻസിൽ, നെടുമങ്ങാട് |
| 3 | ശ്രീ.കെ.ബി.മനോജ്, കമല ഭവൻ, നെടുമങ്ങാട് പി.ഓ |
| 4 | ശ്രീ.സജിം.എ, സലിം മൻസിൽ, മാങ്കോട് പി.ഓ |
| 5 | ശ്രീ.സച്ചിൻ.എസ്. ബാബു, ശ്രീലകം, പാലുവള്ളി പി.ഓ |
| 6 | ശ്രീ.സുനിലാൽ.എസ്, പാലുവള്ളി, മീൻമുട്ടി പി.ഓ |
| 7 | ശ്രീ.എസ്.ജയകുമാർ, ഇളയിടത്ത് ഹൗസ്, കല്ലറ പി.ഓ |
| 8 | ശ്രീ.എം.ആർ.ഷാനവാസ്, എം.ആർ.എസ് മൻസിൽ, മംഗലപുരം |
| 9 | ശ്രീ.വി.ഷിബു, തെക്കെക്കുഴി പുത്തൻവീട്, മടത്തറ പി.ഓ |
| 10 | ശ്രീ.സി.ബി.അനി, എം.സി.ബി സദനം, ആനാക്കുടി |
| 11 | ശ്രീ.ഗിരീഷ് ചന്ദ്രൻ, ശ്രീഗണേഷ്, കരിമൺകോട് |
| 12 | ശ്രീ.ടി.സുനിൽകുമാർ, നാറാണത്ത് വീട്, കാരിയോട്, കുറ്റിച്ചൽ പി.ഓ |

| | |
|---|---|
| 13 | ശ്രീ.ജെ.സലിം, തച്ചോണം ഹൗസ്, കാഞ്ചിനട പി.ഓ |
| 14 | ശ്രീ.ടി.കൃഷ്ണൻകുട്ടി, കൃഷ്ണവിലാസം, അരീപ്ലാച്ചി പി.ഓ |
| 15 | ശ്രീ.ഷംനാദ്. എൻ.എസ്, രത്നഗിരി, കെ.റ്റി.കുന്ന് പി.ഓ |
| 16 | ശ്രീ.എം.നാസറുദ്ദീൻ, കടയിൽ വീട്, അടയമൺ പി.ഓ |
| 17 | ശ്രീ.റ്റി.നെൽസൺ, ബിനുഭവൻ, കുറുപ്പുഴ |
| 18 | ശ്രീ.രാജേഷ് കുമാർ.കെ.വി, സുരേഷ് ഭവൻ, പാങ്ങോട് പി.ഓ |
| 19 | ശ്രീ.സന്തോഷ് കുമാർ, അഖിലാമൃതം, അയിരുക്കുഴി |
| 20 | ശ്രീ.ജയകുമാർ.എൻ, ശ്രീലക്ഷ്മി, വിതുര പി.ഓ |
| 21 | ശ്രീ.ജി.ജനാർദ്ദനൻ നായർ, മുകളോട്ട് വീട്, കുവളശ്ശേരി പി.ഓ |

വരും വർഷങ്ങളിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-14 എസ്.എൽ.ഐ / ജി.ഐ.എസ് തുകകൾ ആനുപാതികമായി കുറവ് ചെയ്തില്ല

ജി.ഓ (പി)149/2016/ധന തീയതി 04.10.2016 പ്രകാരം 01.01.2017 മുതൽ പ്രാബല്യത്തിൽ എസ്.എൽ.ഐ യുടെയും ജി.ഓ.(പി)112/2016/ധന തീയതി 01.08.2016 പ്രകാരം ജി.ഐ.എസിന്റെയും ശമ്പളത്തിൽ നിന്നും ആനുപാതികമായി ഈടാക്കേണ്ട നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന ജീവനക്കാരുടെ ഇൻഷ്വറൻസ് തുകകൾ ആനുപാതികമായി ഈടാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 25/17-07-2020 നുള്ള മറുപടി).

| ജീവനക്കാരന്റെ പേര് | അടിസ്ഥാന ശമ്പളം | ഈടാക്കിയ എസ്.എൽ.ഐ. | ഈടാക്കേണ്ടിയിരുന്ന എസ്.എൽ.ഐ. | ഈടാക്കിയ ജി.ഐ.എസ്. | ഈടാക്കേണ്ടിയിരുന്ന ജി.ഐ.എസ്. |
|---|---|---|---|---|---|
| ശ്രീ.എസ്.സുനിൽകുമാർ (ഹെഡ് ക്ലാർക്ക്) | 35700 | 100 | 500 | നിയമാനുസൃതം ഈടാക്കി | |
| ശ്രീ.പി.എസ്.ശ്രീകാന്ത് | 29900 | 250 | 300 | 200 | 300 |
| ശ്രീ.എം.താജുദ്ദീൻ (ഓഫീസ് അസിസ്റ്റന്റ്) | 33900 | 225 | 300 | 150 | 300 |
| ശ്രീ.സുമേഷ് (ക്ലർക്ക്) | 22800 | നിയമാനുസൃതം ഈടാക്കി | | 200 | 300 |
| ശ്രീമതി.ദീപ.ആർ.വി (ക്ലർക്ക്) | 22200 | നിയമാനുസൃതം ഈടാക്കി | | 200 | 300 |
| ശ്രീ.ജെ.വി.മുരളീധരൻ (സീനി.ക്ലാർക്ക്) | 27800 | നിയമാനുസൃതം ഈടാക്കി | | 150 | 300 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/17-07-2020) നിലവിലും ഗ്രാമപഞ്ചായത്തിൽ തുടരുന്ന ജീവനക്കാർക്ക് പുതിയ പോളിസി എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സ്ഥലം മാറിപ്പോയ ജീവനക്കാരുടെ കാര്യത്തിൽ നിലവിൽ അവർ ജോലി ചെയ്യുന്ന കാര്യാലയത്തിലേക്ക് ഈ വിവരം അറിയിക്കുന്നതാണെന്നും സെക്രട്ടറി വിശദീകരിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-15 പെർമിറ്റ് അപേക്ഷകൾ- സമയബന്ധിതമായി നടപടി കൈക്കൊള്ളുന്നില്ല.

2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ, ചട്ടം 16(2)പ്രകാരം പെർമിറ്റിന് അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം അതിൻമേൽ തീർപ്പ് കൽപ്പിക്കേണ്ടതും അല്ലാത്ത പക്ഷം അപേക്ഷകന് താൻ നൽകിയ അപേക്ഷ, പ്ലാൻ എന്നിവ അംഗീകരിച്ചതായി കണക്കാക്കി നിർമ്മാണവുമായി മുൻപോട്ട് പോകാവുന്നതുമാണ്. എന്നാൽ ചുവടെപ്പറയുന്ന ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചിട്ടില്ല.

| ക്രമ നമ്പർ | അപേക്ഷ നമ്പർ, തീയതി | അപേക്ഷകന്റെ പേര് | പഞ്ചായത്തിൽ നിന്നും പെർമിറ്റ് നൽകിയ തീയതി | നൽകേണ്ടിയിരുന്ന തീയതി |
|---|---|---|---|---|
| 1 | A3-6542/18 15-08-2018 | ശ്രീ.അബ്ദുൾ സമദ്, ഇ.വി.ഹൗസ് | 08-10-18 | 14-09-2018 |
| 2 | A3-7918/18 03-10-18 | ശ്രീമതി.സജീന | 01-12-18 | 02-11-2018 |
| 3 | A3-8917/18 07-11-18 | ശ്രീ.വിജേഷ് | 22-01-19 | 06-12-2018 |
| 4 | A3-8804/18 05-11-18 | ശ്രീ.സാബു | 28-03-19 | 04-12-2018 |
| 5 | A3-9848/18 28-11-18 | ശ്രീ.ഷംസുദ്ദീൻ | 26-03-19 | 27-12-2018 |
| 6 | A3-9886/18 30-11-18 | ശ്രീ.പ്രജീഷ് | 10-01-19 | 01-12-2018 |
| 7 | A3-10640/18 28-12-18 | ശ്രീമതി.ജസീന | 05-03-19 | 27-01-2019 |
| 8 | A3-904/19 01-02-19 | ശ്രീ.സഹീദ് | 16-05-19 | 01-03-2019 |
| 9 | A3-949/18 02-02-19 | ശ്രീ.സുമേഷ് കുമാർ | 12-06-19 | 01-03-19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/17-07-2020) അപേക്ഷകളിലെ ന്യൂനത പരിഹരിക്കുന്നതിലെയും എൽ.എസ്.ജി.ഡി സെക്ഷനിൽ നിന്നും റിപ്പോർട്ട് ലഭിക്കുന്നതിലെ കാലതാമസവും മൂലമാണ് തീർപ്പ് കൽപ്പിക്കാൻ വൈകുന്നതെന്ന് സെക്രട്ടറി വിശദീകരിക്കുന്നു. പെർമിറ്റ് അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-16 വസ്തു നികുതി നിർണയം- അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തെ നികുതി നിർണയം സംബന്ധിച്ച ഫയലുകൾ,

അസസ്സ്മെന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പെർമിറ്റ്, നികുതി നിർണയം എന്നിവയ്ക്ക് വെവ്വേറ ഫയലുകൾ സൂക്ഷിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണയിക്കൽ തുടങ്ങിയവയെല്ലാം ഒറ്റ ഫയലായി കൈകാര്യം ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് തൻവർഷം ആകെ പെർമിറ്റ് നൽകിയ ഫയലുകളിൽ 20 എണ്ണം തെരഞ്ഞെടുത്ത് പരിശോധന നടത്തിയതിൽ ചുവടെപ്പറയുന്ന കെട്ടിടങ്ങളുടെ പെർമിറ്റ് വിവരങ്ങൾ, നികുതി നിർണയം എന്നിവ വ്യത്യസ്ത ഫയലുകളായാണ് കൈകാര്യം ചെയ്തിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | പെർമിറ്റ് ഫയൽ നമ്പർ | നികുതി നിർണയം നടത്തിയ ഫയൽ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|---|
| 1 | ശ്രീ.സുജിത്, ജെ.എസ്.ഭവൻ | A3-9456/16 | A3-3182/18 | XVIII/183 |
| 2 | ശ്രീമതി.സുകന്യ,കൃഷ്ണ | A3-10496/16 | A3-1964/18 | X/208 A |
| 3 | ശ്രീമതി.ആർഷ.എ.ഇല്ല്യാസ് | A3-8264/17 | A3-4288/18 | XIX/105 A |

2) മേഖലാ വിഭജനം സംബന്ധിച്ച മാപ്പ് ലഭ്യമാക്കേണ്ടതാണ്

2011ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ വിവിധ മേഖലകളാക്കി തരം തിരിക്കേണ്ടതും ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന മാപ്പ് ഓഡിറ്റിന് ഹാജരാക്കിയില്ല.

3) നികുതി നിർണയം- അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11(1) (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്നതുമായ വസ്തു നികുതി റിട്ടേൺ 10 -ാം ചട്ടം രണ്ടാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം 2 ൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ചട്ടത്തിലെ ചട്ടം 12 (4) അനുശാസിക്കും പ്രകാരം കെട്ടിട ഉടമ വസ്തു നികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി/അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആറ് മാസത്തിനകം സ്ഥലം സന്ദർശിച്ച് ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിവയുടെ വിവരങ്ങളും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യതയും ഉറപ്പാക്കി ആവശ്യമായ വിവരങ്ങൾ ഫോറം നമ്പർ 6 ൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് വസ്തു നികുതി നിർണയം നടത്തി വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ updation നടത്തേണ്ടത്. എന്നാൽ ചുവടെപ്പറയുന്ന അപേക്ഷകളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| ക്രമ | കെട്ടിട ഉടമയുടെ പേര് | കെട്ടിട | കണ്ടെത്തിയ അപാകത |
|---|---|---|---|

| നം | | നമ്പർ | |
|---|---|---|---|
| 1 | ശ്രീ.രവിശങ്കർ/ ശ്രീമതി.ആശാലക്ഷ്മി | V/121 A | ഫോറം 6, ഫോറം 2 എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല |
| 2 | ശ്രീ.മുജീബ്, ശ്രീമതി.റംലത്ത് | XVIII/181 A | " |
| 3 | ശ്രീ.പ്രകാശ് കുമാർ | IV/306 A | ഫോറം 2 ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫോറം 6 ൽ നികുതി നിർണയം നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 4 | ശ്രീ.രവീന്ദ്രൻ പിള്ള | VIIII/288 A | " |
| 5 | ശ്രീമതി.എ.എൻ.നഹീസ | 1/587 B | ഫോറം നമ്പർ 6 ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫോറം നമ്പർ 2 ൽ എല്ലാ രേഖപ്പെടുത്തലുകളും വരുത്തിയിട്ടില്ല |
| 6 | ശ്രീ.സലിം | I/202 A | ഫോറം നമ്പർ 2,6 എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല |

മേൽ രേഖകളുടെ അഭാവത്തിൽ നികുതി നിർണയത്തിന്റെ ആധികാരികതയും കൃത്യതയും ഓഡിറ്റിൽ ഉറപ്പ് വരുത്താൻ സാധിച്ചില്ല. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/14-07-2020) വരും വർഷങ്ങളിൽ പെർമിറ്റ് മുതൽ നികുതി നിർണയം വരെയുള്ളവ ഒറ്റ ഫയലായി സൂക്ഷിക്കുന്നതാണെന്ന മറുപടി നൽകി. എൻക്വയറിയിൽ ചൂണ്ടിക്കാട്ടിയ ക്രമ നമ്പർ 2,3 എന്നിവയിന്മേൽ മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി നിർണയം സംബന്ധിച്ച 2011ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ, ഇതുമായി ബന്ധപ്പെട്ട് മേൽ പരാമർശിച്ചിട്ടുള്ള ഉത്തരവുകൾ എന്നിവ പാലിക്കപ്പെടുന്നുണ്ടെന്നും വരും വർഷങ്ങളിൽ ഉറപ്പ് വരുത്തേണ്ടതാണ്.

# 1-17 സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല

1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസം മുൻപായി അത് നടത്താൻ ഉദ്ദേശിക്കുന്ന വ്യക്തി ഇരുന്നൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപായി ഫോറം നമ്പർ 5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. മേൽ പരാമർശിച്ച അപേക്ഷകൾ ലഭിച്ചാൽ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സ്ഥലം സന്ദർശിച്ച് സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടങ്ങളുടെ സുരക്ഷിതത്വം, അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന മറ്റ് വിശദാംശങ്ങളുടെ

നിജസ്ഥിതി എന്നിവ സംബന്ധിച്ച് അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തേണ്ടതാണ്. ഇവയുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ വിശദാംശം ഫോറം 2 മാതൃകയിലുള്ള രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും അപേക്ഷകന് ഫോറം 3 മാതൃകയിലുള്ള സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകിയ 7അപേക്ഷകരുടെ പേര് വിവരം മാത്രം താൽക്കാലിക രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ശ്രീ.പ്രവീൺ പ്രകാശ് | ജെ.പി.ദന്തൽ ക്ലിനിക് |
| 2 | ശ്രീമതി.സുലത ശശി | എസ്.എൻ.ക്ലിനിക്കൽ ലാബോറട്ടറി |
| 3 | ശ്രീമതി.മിനി.ഐ | ഭവ്യ ക്ലിനിക്കൽ ലാബ് |
| 4 | ശ്രീമതി.കെ.ചിത്ര | അശ്വതി ക്ലിനിക്കൽ ലോബോറട്ടറി |
| 5 | ശ്രീ.രണകുമാർ | ബോട്ടം ലാബ് |
| 6 | ശ്രീ.ജി.എസ്.പ്യാരി, | നൂറ ലാബ് |
| 7 | ശ്രീമതി.എസ്.ആതിര | സൈറ്റ് കെയർ ഓപ്റ്റിക്കൽസ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/16-07-2020) വിശദീകരണം ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ 1997-ലെ കേരള പഞ്ചായത്ത് രാജ് സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ സംബന്ധിച്ചും നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നുണ്ടെന്നും അനുബന്ധരേഖകൾ രജിസ്റ്ററുകൾ എന്നിവ കുറ്റമറ്റ രീതിയിൽ പരിപാലിക്കപ്പെടുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-18 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -നടപടിക്രമങ്ങൾ പാലിക്കുന്നില്ല

1999-ലെ കേരള പഞ്ചായത്ത്‌രാജ് ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ ചട്ടങ്ങൾ ചട്ടം 3 പ്രകാരം, സ്ഥാപന രജിസ്ട്രേഷനുള്ള അപേക്ഷ ലഭിച്ച് ഒരാഴ്ചയ്ക്കകം സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സ്ഥല സന്ദർശനം നടത്തി സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടത്തിന്റെ സുരക്ഷിതത്വം, തറ വിസ്തീർണം, അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രാഥമിക

ആവശ്യങ്ങൾക്കുള്ള സൗകര്യം, അപേക്ഷയിൽ ബോധിപ്പിച്ചിരിക്കുന്ന മറ്റ് വിവരങ്ങളുടെ നിജസ്ഥിതി എന്നിവ സംബന്ധിച്ച് അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കേണ്ടതാണ്. സെക്രട്ടറി രജിസ്ട്രേഷൻ നൽകൽ/പുതുക്കി നൽകൽ എന്നിവ സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടത് പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണ്. രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ഫോറം 2 മാതൃകയിലുള്ള രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം രജിസ്ട്രേഷൻ ലൈസൻസ് നൽകിയിട്ടുള്ള ചുവടെപ്പറയുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കാനുതകുന്ന രേഖകൾ (അപേക്ഷകൾ/ നിർദ്ദിഷ്ട ഫോർമാറ്റിൽ ഉള്ള രജിസ്റ്റർ എന്നിവ) പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയവ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/16-7-2020) മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ ട്യൂട്ടോറിയൽ സ്ഥപനങ്ങളുടെ രജിസ്ട്രേഷൻ, പുതുക്കൽ എന്നിവ സംബന്ധിച്ച 1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

| ക്രമ നം | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ശ്രീമതി.വി.അരുണിമ, ദേവനന്ദനം | എക്സാംമേറ്റ് പി.എസ്.സി കോച്ചിംഗ് സെന്റർ |
| 2 | ശ്രീ.അമീർ.എസ്,കല്ലുവെട്ടാൻകുഴി, പുത്തൻവീട്, പാങ്ങോട് | എം.റ്റി.എം, ഹോം സ്കൂൾ |
| 3 | ശ്രീ.ജെ.അജ്മൽ, എ.ജെ.ഹൗസ് | ജീനിയസ് ട്യൂഷൻ സെന്റർ |
| 4 | ശ്രീ.പ്രഭാശൻ, പ്രതിഭ | നളന്ദ സ്കൂൾ ഓഫ് കമ്പ്യൂട്ടേഴ്സ് |
| 5 | ശ്രീ.അജിത്.എസ്, ഭരതന്നൂർ.പി.ഓ | വിശ്വഭാരതി, ഭരതന്നൂർ |
| 6 | ശ്രീ.ശ്രീമണി | മാർഷൽ, ഭരതന്നൂർ |

# 1-19 ബജറ്റ് പാസ്സാക്കൽ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | A1-189/2017 10.11.2017 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 13.11.2017 |
| 3 | ക്രോഡീകരണത്തിനായി വിവിധ | യോഗം ചേർന്നിട്ടില്ല |

| | | |
|---|---|---|
| | സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 18.01.2018 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 04.03.2018 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | 10.03.2018 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | 21.03.2018 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | 26.03.2018 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 14 (1)-ൽ അനുശാസിക്കുന്ന എല്ലാ നടപടിക്രമങ്ങളും സമയബന്ധിതമായി പാലിച്ച് കൊണ്ട് മാത്രം വരും വർഷങ്ങളിൽ ബജറ്റ് പാസാക്കേണ്ടതാണ്.

# 1-20 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളെ 2018-19 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | III/രേഖപ്പെടുത്തിയിട്ടില്ല | ചന്ദ്രശേഖര പിള്ള | റബ്ബർ ട്രേഡേഴ്സ് |
| 2 | VI/106 E | വിനോദ് കുമാർ | റൈസ് മിൽ |
| 3 | IV/444 | അനിൽ കുമാർ | വൈദ്യശാല |
| 4 | VIII/113 A | സുഗതൻ | ഹോളോബ്രിക്സ് |
| 5 | XIX/392 B | ഷിഹാബുദ്ദീൻ | പലവ്യഞ്ജനം |
| 6 | VII/386 B | വിജയൻ | ഫ്രൂട്ട്സ് ഷോപ്പ് |
| 7 | XII/56 | ശങ്കരനാരായണൻ | പ്രൊവിഷൻ സ്റ്റോർ |
| 8 | XIII/16 C | ദിവ്യാമോൾ | സ്റ്റേഷനറി |

2)ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2018-19 വർഷം ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

| ക്രമ | വാർഡ്/ കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|

| നം | | | |
|---|---|---|---|
| 1 | രേഖപ്പെടുത്തിയിട്ടില്ല | കരുണാകരൻ | പ്രൊവിഷൻ സ്റ്റോർ |
| 2 | XII/37C | സുധാകരൻ | ടീസ്റ്റാൾ |
| 3 | XII/36 | ബാലചന്ദ്രൻ നായർ | ഹോളോബ്രിക്സ് |
| 4 | രേഖപ്പെടുത്തിയിട്ടില്ല | ബാബുരാജൻ പിള്ള | പ്രൊവിഷൻ സ്റ്റോർ |
| 5 | XIII/2 | കുമാരി ഷീല | പ്രൊവിഷൻ സ്റ്റോർ |
| 6 | XIII/25 | ബിന്ദു സുരേന്ദ്രൻ | ഫുട്‌വെയർ |
| 7 | XIII/11 | മോഹനൻ നായർ | പ്രൊവിഷൻ സ്റ്റോർ |
| 8 | XIII/16 A | രാജേഷ് | പ്രൊവിഷൻ സ്റ്റോർ |
| 9 | XVI/രേഖപ്പെടുത്തിയിട്ടില്ല | ബിന്ദു | ബ്യൂട്ടി പാർലർ |
| 10 | XVI/337 A,B | സുചിത്ര | ഹാർഡ്‌വെയർ |
| 11 | XVI/രേഖപ്പെടുത്തിയിട്ടില്ല | ഷെമീം | പ്രൊവിഷൻ സ്റ്റോർ |
| 12 | XVI/307 | അനിചന്ദ്രൻ | ഫർണീച്ചർ ഷോപ്പ് |

3)തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ലൈസൻസ് ഫീസ് നിരക്കിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/21-07-2020) മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ 31.10.2017-ലെ G.O(P)No.80/2017LSGD (SRO)674/2017 അനുശാസിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുമാത്രം ലൈസൻസുകൾ അനുവദിക്കേണ്ടതും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കുറ്റമറ്റ രീതിയിൽ പാലിക്കേണ്ടതുമാണ്.

# 1-21 തൊഴിൽ നികുതി ഈടാക്കിയതിൽ വീഴ്ച

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ഹെർക്കുലീസ് ഐ.റ്റി.സി | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | റ്റി.എം ആഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധവർഷം |

ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഇതിൻപ്രകാരം ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/17-07-2020) മറുപടി

ലഭ്യമാക്കിയില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ അനുശാസിക്കും പ്രകാരം തൊഴിൽ നികുതി കൃത്യമായും ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-22 ഫാമുകൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2018-19 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ താഴെപ്പറയും വിധം ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം | ഇനം | സ്വകാര്യം |
|---|---|---|
| 1 | ഡയറി ഫാം | 2 |
| 2 | ഗോട്ട് ഫാം | 4 |
| 3 | ഇറച്ചിക്കോഴി | 8 |
| 4 | മുട്ടക്കോഴി | 1 |

2018-19 സാമ്പത്തിക വർഷം 3 ഫാമുകൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/13-07-2020)മറുപടി നൽകിയില്ല.2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണമായും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-23 മാലിന്യ സംസ്കരണ പ്ലാന്റുകൾ - തുടർ നടപടികളുടെ അഭാവത്തിൽ ലക്ഷ്യം കൈവരിച്ചില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 എ പ്രകാരം ചവറും ഖരാവസ്ഥയിലുള്ള വർജ്യ വസ്തുക്കളും നീക്കം ചെയ്യൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇതിലേക്കായി 2018-19 വർഷം നടപ്പാക്കിയ ചുവടെപ്പറയുന്ന പ്രോജക്റ്റുകൾ മതിയായ തുടർ പ്രവർത്തനത്തിന്റെയും പരിപാലനത്തിന്റെയും മേൽ നോട്ടത്തിന്റെയും അഭാവത്തിൽ ലക്ഷ്യം കൈവരിച്ചില്ല.

എ)

| | |
|---|---|
| പ്രോജക്ട് നമ്പർ | 146/18-19 |
| പ്രോജക്ടിന്റെ പേര് | ഭരതന്നൂർ മാർക്കറ്റിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ |
| അടങ്കൽ | 300000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 262500 (ചെക്ക് നം.8765937 dtd:28/03/2019) |

ഭരതന്നൂർ പബ്ലിക്ക് മാർക്കറ്റിൽ പ്രതിദിനം 100 കി.ഗ്രാം മാലിന്യ സംസ്കരണ ശേഷിയുള്ള ദീനബന്ധു മോഡൽ (ഫിക്സഡ് ഡോം ടൈപ്പ്) ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം 350000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ടിന് അംഗീകാരം നേടി (പ്രോജക്ട് നമ്പർ 156/16-17). ഇതിലേക്കായി Ms/- സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന

സ്ഥാപത്തെ തെരഞ്ഞെടുത്തു. സ്ഥാപനം 312500 രൂപയുടെ എസ്റ്റിമേറ്റിന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ 25-03-2017 ൽ 909/സി6/2017/എസ്.എം നമ്പരായി സാങ്കേതികാനുമതി നൽകി. ഇതിനെ തുടർന്ന് 31-03-2017 ൽ സെക്രട്ടറിയും Ms/- സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായി ചേർന്ന് കരാർ ചമച്ചു.

പ്രോജക്ട് 2017-18 വർഷം സ്പിൽ ഓവർആക്കി അംഗീകാരം തേടി (നമ്പർ S0068/18-19). ആകെ എസ്റ്റിമേറ്റ് തുകയായ 312500 രൂപയിൽ 50000 രൂപ തൻവർഷം അഡ്വാൻസ് ആയി സ്ഥാപനത്തിന് അനുവദിച്ച് നൽകി.

തുടർന്ന് 2018-19 വർഷം വീണ്ടും സ്പിൽ ഓവർ പ്രോജക്ട് ആയി മേൽ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കും പ്രകാരം അംഗീകാരം നേടി. 12-11-2018 ലെ SEUF/TVM/Admin/18/156 നമ്പർ കത്ത് പ്രകാരം Ms/- സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിക്കുകയും, ആകെ എസ്റ്റിമേറ്റ് തുക 312500 രൂപയിൽ 2017-18 വർഷം നൽകിയ അഡ്വാൻസ് തുകയായ 50000 രൂപ കിഴിച്ചുള്ള 262500 രൂപ അനുവദിച്ച് നൽകാൻ സെക്രട്ടറിയോട് അഭ്യർത്ഥിക്കുകയും ചെയ്തു. തുടർന്ന് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ 17-01-2019 ലെ AE/LSGD/PGD/2019-20 നമ്പർ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

നിലവിൽ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നില്ല. 17-07-2020 ന് ഗ്രാമപഞ്ചായത്തിലെ ഹെഡ്ക്ലാർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ഇതിലേക്കായി നിർമ്മിച്ച ഷെഡിൽ സാധനസാമഗ്രികൾ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി. മാലിന്യം എത്തിക്കുകയോ സംസ്കരിച്ച് ബയോഗ്യാസ് നിർമ്മാണം നടത്തുകയോ ചെയ്യുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (എൻക്വയറി നമ്പർ 19/15-07-2020) നിർമ്മാണം പൂർത്തീകരിച്ച പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി ഭരണ സമിതി ഒരു വ്യക്തിയെ ചുമലപ്പെടുത്തിയിട്ടുണ്ടെന്നും ടി വ്യക്തിക്ക് ശുചിത്വമിഷനിൽ നിന്നുമുള്ള പരിശീലനം ലഭിക്കേണ്ടത് നിലവിൽ കോവിഡ് വ്യാപനത്തെതുടർന്ന് നടന്നില്ലെന്നും ഗ്രാമപഞ്ചായത്ത് വിശദീകരിക്കുന്നു.

ബി)

| | |
|---|---|
| പ്രോജക്ട് നമ്പർ | 216/18-19 |
| പ്രോജക്ടിന്റെ പേര് | പാങ്ങോട് മാർക്കറ്റിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ |
| അടങ്കൽ | 110490 (വി.ഫ.ജനറൽ)<br>118510 (സി.എഫ്.സി<br>229000 |
| ചെലവ് | 97490 (വി.ഫ. ബിൽ നം 33/18-19)<br>01.02.19<br>118510 (സി.എഫ്.സി/ബിൽ നം 32/18-19)<br>22-02.19<br>216000 |

പാങ്ങോട് പബ്ലിക്ക് മാർക്കറ്റിൽ പ്രതിദിനം 75 കി.ഗ്രാം മാലിന്യ സംസ്കരണ ശേഷിയുള്ള ദീനബന്ധു മോഡൽ (ഫിക്സഡ് ഡോം ടൈപ്പ്) ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം 283000 രൂപ അടങ്കൽ തയ്യാറാക്കി പ്രോജക്ടിന്റെ അംഗീകാരം നേടി (പ്രോജക്ട് നമ്പർ 143/16-17). ഇതിലേക്കായി Ms/- സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു. സ്ഥാപനം 270000 രൂപയുടെ എസ്റ്റിമേറ്റിന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ 25-03-2017 ൽ 909/സി6/2017/എസ്.എം നമ്പരായി സാങ്കേതികാനുമതി നൽകി. ഇതിനെ തുടർന്ന് 31-03-2017 ൽ സെക്രട്ടറിയും Ms/- സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായി ചേർന്ന് കരാർ ചമച്ചു.

പ്രോജക്ട് 2017-18 വർഷം സ്പിൽ ഓവർആക്കി അംഗീകാരം തേടി (നമ്പർ S0065/18-19). ആകെ എസ്റ്റിമേറ്റ് തുകയായ 270000 രൂപയിൽ 54000 രൂപ തൻവർഷം അഡ്വാൻസ് ആയി സ്ഥാപനത്തിന് അനുവദിച്ച് നൽകി.

തുടർന്ന് 2018-19 വർഷം വീണ്ടും സ്പിൽ ഓവർ പ്രോജക്ട് ആയി മേൽ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കും പ്രകാരം അംഗീകാരം നേടി. 01-01-2019 ലെ SEUF/TVM/Proj/19/002 നമ്പർ കത്ത് പ്രകാരം Ms/-സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ പ്രവൃത്തി പൂർത്തീകരിച്ചതായും ആകെ എസ്റ്റിമേറ്റ് തുക 270000 രൂപയിൽ 2017-18 വർഷം നൽകിയ അഡ്വാൻസ് തുക 54000 രൂപ കിഴിച്ചുള്ള 216000 രൂപ അനുവദിച്ച് നൽകാൻ സെക്രട്ടറിയോട് അഭ്യർത്ഥിച്ചു. പ്രസ്തുത കത്തിൽ മാർക്കറ്റിൽ സ്റ്റൗവ് സ്ഥാപിക്കുവാനുള്ള സ്ഥലം ഗ്രാമപഞ്ചായത്ത് അനുവദിച്ച് നൽകിയിട്ടില്ലാത്തതിനാൽ സ്റ്റൗവ് സ്ഥാപിക്കൽ ഒഴികെയുള്ള പ്രവൃത്തികൾ ആണ് പൂർത്തീകരിച്ചതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ടിൽ സ്റ്റൗ നിർമ്മാണം കൂടി ഉൾപ്പെട്ടതാണെന്ന് 01.01.2019 ൽ തന്നെ അയച്ച SEUF/TVM/Proj/19/003 നമ്പർ കത്തിൽ പ്ലാന്റിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഗ്യാസ് ഉപയോഗിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ഗ്രാപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടില്ലാത്തനിലാണ് സ്റ്റൗ സ്ഥാപിക്കാൻ കഴിയാത്തതെന്നും സ്ഥാപനം പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ 17-01-2019 ലെ AE/LSGD/PGD/2019-20 നമ്പർ പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. 01-01-2019 നും 17-01-2019 നും ഇടയിലുള്ള കാലയളവിൽ സ്റ്റൗ സ്ഥാപിക്കുവാൻ വേണ്ട തുടർനടപടികൾ ഗ്രാമപഞ്ചായത്ത് എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോയെന്ന് ഫയലിൽ രേഖപ്പെടുത്തലില്ല. ഇത് ഇല്ലാതെയാണോ എൽ.എസ്.ജി.ഡി എഞ്ചിനീയർ പൂർത്തീകരണ സാക്ഷ്യപത്രം നൽകിയിരിക്കുന്നതെന്നും വ്യക്തമല്ല.

17-07-2020 ൽ ഗ്രാമപഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ മാലിന്യം എത്തിക്കുകയോ സംസ്കരിച്ച് ബയോഗ്യാസ് നിർമ്മാണം നടത്തുകയോ ചെയ്യുന്നില്ല. പ്ലാന്റിന് മുകളിൽ മാലിന്യം കൂട്ടത്തോടെ നിക്ഷേപിച്ചിരിക്കുന്നു. പ്ലാന്റ് കുറ്റമറ്റ രീതിയിൽ പരിപാലിക്കപ്പെടുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (20/15-07-2020) നിർമ്മാണം പൂർത്തീകരിച്ച പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി പഞ്ചായത്ത് ഒരു വ്യക്തിയെ ചുമലപ്പെടുത്തിയിട്ടുണ്ടെന്നും ടി വ്യക്തിക്ക് ശുചിത്വമിഷനിൽ നിന്നുമുള്ള പരിശീലനം ലഭിക്കേണ്ടത് നിലവിൽ കോവിഡ് വ്യാപനത്തെത്തുടർന്ന് നടന്നില്ലെന്നും സെക്രട്ടറി വിശദീകരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയറുടെ സാക്ഷ്യപത്രം പ്രകാരം രണ്ട് പ്ലാന്റുകളും 17-01-2019 ന് മുൻപ് പൂർത്തീകരിച്ചിട്ടുള്ളവയാണ്. ഓഡിറ്റ് തീയതി വരെയും (15-07-2020) പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സംഭവിച്ച വീഴ്ചയായി ഓഡിറ്റ്

വിലയിരുത്തുന്നു. 16.11/2013-ലെ സ.ഉ നമ്പർ 362/2013/ ത.സ്വ.ഭ.വഖണ്ഡിക 11.3 xii, 29/03/2017-ലെ 72/2017 lsgd നം,പദ്ധതി നിർദ്ദേശം എന്നിവ പ്രകാരം spill over പ്രോജക്ടുകൾ അതത് വർഷം പൂർത്തീകരിക്കണമെന്ന നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. പ്രോജക്ടിന്റെ തുടർപ്രവർത്തനവും മോണിട്ടറിംഗിനും ചുമതലപ്പെട്ട വർക്കിംഗ് ഗ്രൂപ്പും ഇക്കാര്യത്തിൽ തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. ശരാശരി പ്രതിദിനം സംസ്കരിക്കേണ്ട മാലിന്യത്തിന്റെ അളവ് സംബന്ധിച്ചും ഗ്രാമപഞ്ചായത്തിന് വ്യക്തതയില്ല. പ്ലാന്റ് അടിയന്തിരമായി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

# 1-24 കല്ലറ വാട്ടർഷെഡ് വിഹിതം- പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 20/18-19 |
| പ്രോജക്ടിന്റെ പേര് | കല്ലറ വാട്ടർഷെഡ് വിഹിതം |
| അടങ്കൽ | 114000-(വികസന ഫണ്ട്) |
| ചെലവ് | ബിൽ നം. 1/14.6.2018-114000 |
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

പാങ്ങോട് -കല്ലറ പഞ്ചായത്തുകളുടെ സംയുക്ത പദ്ധതിയായ കല്ലറ വാട്ടർഷെഡിന്റെ നിർമ്മാണത്തിനായി പത്തുശതമാനം തുക കല്ലറ അഗ്രികൾച്ചറൽ ഓഫീസർക്ക് കൈമാറ്റം ചെയ്യുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ 114000 രൂപ വികസനഫണ്ടിൽ നിന്ന് പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വിനിയോഗസാക്ഷ്യപത്രം, കൈപ്പറ്റ് വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കല്ലറ കൃഷി ഓഫീസറുടെ ആവശ്യപ്രകാരമാണ് ഫണ്ട് മാറി നൽകിയതെന്നും നിലവിൽ ഫണ്ട് എസ്.റ്റി.എസ്.ബി ആക്കൗണ്ടിൽ വാട്ടർഷെഡ് പ്രോജക്ടിൽ കിടക്കുകയാണെന്നും വാട്ടർഷെഡ് വിഹിതം കിട്ടാത്തതിനാൽ ആ പ്രോജക്ട് പൂർത്തീകരിക്കാൻ സാധിച്ചില്ലായെന്നും വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 15/14-07.2020 ന്റെ മറുപടി). പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്ത പക്ഷം തുക തിരികെ ലഭ്യമാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-25 രസീതി പരിശോധന- അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളിൽ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിലേയ്ക്കായി ഉപയോഗിച്ച രസീത് ബുക്കുകളുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) രസീത് ബുക്ക് നം. 10810 രസീത് നം. 1-91/25.2.2019, രസീത് ബുക്ക് നം. 10800 രസീത് നം. 1-82/21.12.2018, രസീത് ബുക്ക് നം, 10811 രസീത് നം.56-100/25.2.2019 എന്നിവയിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചല്ല രേഖപ്പെടുത്തലുകൾ വരുത്തിയിരിക്കുന്നത്.

ബി) രസീതു ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 16ന് രസീത് ബുക്കുകൾ കൈകാര്യം ചെയ്യുന്നതിൽ ശ്രദ്ധ ചെലുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ രസീത് ബുക്കുകൾ കൈകാര്യം ചെയ്യുന്നതിൽ കേരള ഫിനാഷ്യൽ കോഡ്, ട്രഷറി കോഡ് എന്നിവ പാലിക്കുന്നുവെന്നുറപ്പ് വരുത്തേണ്ടതാണ്.

# 1-26 കിണർ റീചാർജ്ജിംഗ് പദ്ധതി നടത്തിപ്പ്-അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 28/18-19 | |
| പ്രോജക്ടിന്റെ പേര് | ജലശ്രീ കിണർ റീചാർജ്ജിംഗ്(ജനറൽ) | |
| അടങ്കൽ | 720000-(വികസന ഫണ്ട്)<br>432000(ജില്ലാപഞ്ചായത്ത് വിഹിതം)<br>288000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>160000(ഗുണഭോക്താവ് നേരിട്ട്) | |
| ചെലവ് | ബിൽ നം. 5/5.10.2018-36000<br>12/28.12.18-75600<br>19/7.3.2019-68400<br>21/22.3.19-43200 | 223200/- |
| | ചെക്ക് നം. 8765936/18..3.2019-25920<br>8765931/19.1.19-108000 | 133920/- |
| | 8765924/19.1.19-44640<br>8735929/27.3.19-27360<br>8765931/24.3.19-17280 | 89280/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ | |

എ) 200 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ ആകെ അറുപത്തിരണ്ട് ഗുണഭോക്താക്കൾക്ക് മാത്രമാണ് നൽകിയിരിക്കുന്നത്.

ബി) അപ്രൂവ്ഡ് എഞ്ചിനീയർ നൽകുന്ന വാല്യുവേഷൻ ആധാരമായി സബ്സിഡി നൽകുന്നതിനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.22/18/ത.സ്വ.ഭ.വ തീയതി

14.02.2018 പ്രകാരം ജനറൽ വിഭാഗത്തിന് 90% സബ്സിഡിയ്ക്കാണ് അർഹത. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം നൽകിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ വിവരം | വാല്യുവേഷൻ പ്രകാരമുള്ള തുക | സബ്സിഡി നൽകാവുന്നത് | നൽകിയത് |
|---|---|---|---|
| ഷിജി, അഖിൽ ഭവൻ, മൂലപ്പെഴ്, മൂന്നുമുക്ക് | 4000 | 3600 | 7200 |
| തുളസീധരൻ.എം, മരുതറ വീട്, വാഴോട്ടുകാല | 6585 | 5927 | 7200 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.17 ന് ശ്രീ. ഷിജിയ്ക്ക് ഫയൽ പ്രകാരം 9842/- രൂപ ചെലവ് വന്നിട്ടുണ്ടെന്നും ശ്രീ. തുളസീധരന്റെ രണ്ട് വൗച്ചറുകൾ ആകെ ചെലവിൽ ചേർക്കാൻ വിട്ടുപോയതാണെന്നും ടിയാന്റെ ആകെ ചെലവ് 10105/- രൂപയാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാല്യുവേഷൻ കൃത്യമായി തയ്യാറാക്കുന്നതിനും സബ്സ്ഡി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം ആനുകൂല്യം നൽകുന്നതിനും ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-27 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 37/18-19 |
| പ്രോജക്റ്റിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | വികസനഫണ്ട് (എസ്.സി.പി) 1000000 |
| ചെലവ് | 9,50,000/-<br>ബിൽ നം. 10/9.10.18-250000<br>12/30.10.2018-100000<br>14/23.11.2018-100000<br>15/23.11.2018-150000<br>17/29.11.2018-50000<br>21/21.12.2018-75000<br>22/25,1.2019-100000<br>23/24.1.2019-50000<br>24/25.3.2019-75000 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി. ഇ.ഒ II |

10 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് വേണ്ടി 1,00,000/- ധനസഹായമായി നൽകി. സ.ഉ (കൈ) നം.22/18/ത.സ്വ.ഭ.വ തീയതി 14.02.2018 പ്രകാരം ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ ശ്രീ. മധു (F/O) മഹി , കരിക്കകം, ഭരതന്നൂർ എന്ന ഗുണഭോക്താവ് അഡ്വാൻസായി അൻപതിനായിരം രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും കംപ്ളീഷൻ സർട്ടിഫിക്കറ്റ്,

വാല്യൂവേഷൻറിപ്പോർട്ട് എന്നിവ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 31 ന് ഗുണഭോക്താവ് പഠനമുറി നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്നും പദ്ധതി പണം ദുർവിനിയോഗം ചെയ്തതായി ബോധ്യപ്പെട്ട് ഗുണഭോതാവിനെതിരെ നടപടി എടുക്കുന്നതിനായി പഞ്ചായത്ത് ഭരണ സമിതിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഉചിതമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-28 വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ -ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി 7478600/- രൂപ അടങ്കലിൽ ഏഴ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആകെ 259050/- രൂപ എക്സ്പെൻഡിച്ച്ർ സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം ആകെ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് റിക്വസിഷൻ നം. 3 പ്രകാരം ആവശ്യപ്പെട്ടിട്ടും പ്രോജക്ട്, ചെലവു രേഖകൾ, ബിൽബുക്ക് എന്നിവയൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് വന്ന 259050/ രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ 1997 ചട്ടം 12(2) പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

# 1-29 ലൈഫ് ഭവന പദ്ധതി നടത്തിപ്പ്-അപാകതകൾ

എ)

| | |
|---|---|
| പ്രോജക്ട് നമ്പർ | 114/18-19 |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന നിർമ്മാണം(എസ്.സി.പി) |
| അടങ്കൽ | വികസനഫണ്ട് (എസ്.സി.പി) 1974600<br>ബ്ളോക്ക് പഞ്ചായത്ത്342936<br>ജില്ലാപഞ്ചായത്ത്819576<br>വായ്പ 2202888 |
| ചെലവ് | 5340000/- രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

സ.ഉ(ആർ.ടി)1738/17/ത.സ്വ.ഭ.വ തീയതി 26/05/2016 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത പദ്ധതിയാണ് ലൈഫ് ഭവന പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രീ. സുനിൽകുമാർ, തോട്ടുംകര വീട്, കുണ്ടാട് എന്ന വ്യക്തി ആദ്യ ഗഡുവായ 40000/- രൂപ മാത്രം കൈപ്പറ്റിയിട്ടുണ്ടെങ്കിലും മറ്റ് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 32ന് മേൽ ഗുണഭോക്താവിന് പാങ്ങോട് പഞ്ചായത്തിൽ നിലവിലുള്ള മൂന്ന് സെന്റ് വസ്തുവിന്റെ വിവരം മറച്ചു വച്ച് അമ്മയുടെ പേരിലുള്ള കൈവശ ഭൂമിയാക്കി നൽകി പെർമിറ്റ് നേടുകയും ഇതു പ്രകാരം ഭവനനിർമ്മാണത്തിനായി അഡ്വാൻസ് കൈപ്പറ്റുകയും ചെയ്തുവെന്നും സ്വന്തം ഭൂമിയിൽ ഭവന

നിർമ്മാണം ആരംഭിക്കണമെന്ന കളക്ടറുടെ നിർദ്ദേശം പാലിക്കാത്തതിനാൽ അഡ്വാൻസ് നൽകിയ തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) 20.3.2019ലെ ജനറൽ കമ്മിറ്റി മിനിട്സ് അജണ്ട 4 പ്രകാരം പാങ്ങോട് ഗ്രാമപഞ്ചായത്തിൽ ഊറാൻ കുഴി നാല് സെന്റ് കോളനിയിൽ ശിവരാജൻ ആശാരിയുടെ ഭാര്യയായ ശ്രീമതി. സഹജ ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി കരാർ വയ്ക്കുകയും പെർമിറ്റ് അനുവദിക്കുകയും ആദ്യ ഗഡുവായ നാല്പതിനായിരം രൂപ കൈപ്പറ്റുകയും എന്നാൽ പെർമിറ്റിന് വിരുദ്ധമായി പട്ടയമില്ലാത്ത മറ്റൊരു പുരയിടത്തിൽ അടിസ്ഥാനം നിർമ്മിക്കുകയും ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. പെർമിറ്റ് അനുവദിച്ച വസ്തുവിലല്ലാതെ നിർമ്മിച്ചിരിക്കുന്ന ഭാഗം പൊളിച്ചുമാറ്റി പുനർനിർമ്മിക്കുന്നതിന് ഗുണഭോക്താവിന് അറിയിപ്പ് നൽകുന്നതിനും അപ്രകാരം ചെയ്തതിനു ശേഷം മാത്രം അടുത്ത ഗഡു അനുവദിക്കുന്നതിനും തീരുമാനിച്ചതായും കാണുന്നു.

ഗുണഭോക്താവ് പട്ടയമില്ലാത്ത പുരയിടത്തിൽ അടിസ്ഥാനം നിർമ്മിച്ചിരിക്കുന്നത് പഞ്ചായത്ത് ആസ്തിയിൽ ആണെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32 ന് ഗുണഭോക്താവ് തന്റെ പേരിൽ പട്ടയമില്ലാത്ത നാല് സെന്റ് വസ്തുവിലല്ലാതെ പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതിയുൾപ്പെടെ പ്രവൃത്തിക്കുന്ന വസ്തുവിലാണ് അടിസ്ഥാനം നിർമ്മിച്ചിരിക്കുന്നതെന്നും ആയതിനാൽ മേൽ വ്യക്തിയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണോ പ്രസ്തുത പ്രദേശം എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിലവിൽ കോവിഡ് തീവ്രബാധിത റെഡ്സോണിലുള്ള തനിക്ക് നിർവ്വാഹമില്ലായെന്നും വി.ഇ.ഒ അറിയിച്ചിരിക്കുന്നു. പ്രസ്തുത പ്രദേശം പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണോയെന്ന് കൃത്യമായി പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-30 ചെലവു രേഖകൾ ലഭ്യമാക്കിയില്ല- തുക തടസ്സം ചെയ്യുന്നു

വൗച്ചർ പരിശോധിച്ചതിൽ താഴെപ്പറയുന്നവയുടെ ചെലവു രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| വൗച്ചർ നം, തീയതി | തുക | റിമാർക്സ് |
|---|---|---|
| 21800189/5.6.2018 | 3000 | സ.ഉ (സാധാ) നം. 1131/18/ത.സ്വ.ഭ. വ തീയതി 20.4.2018 പ്രകാരം കുമാരനാശാൻ ജന്മദിനാഘോഷത്തിന് നൽകുന്ന സംഭാവനകൾക്ക് ആശാൻ മെമ്മോറിയൽ അസോസിയേഷൻ സെക്രട്ടറി ധനവിനിയോഗസാക്ഷ്യപത്രംപഞ്ചായത്തുകൾക്ക് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം ഒരു സാക്ഷ്യപത്രം വൗച്ചറിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല |
| 21800481/19.9..2018 | 159100 | മെഡിക്കൽ ഓഫീസർ പി.എച്ച്.സിയ്ക്ക് മഴക്കാല പൂർവ്വ ശുചീകരണത്തിനായി ചെക്ക് നം. 619337/19.9.2018 പ്രകാരം തുക കൈമാറിയിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 34 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ചെലവു രേഖകളുടെ അഭാവത്തിൽ ആകെ 162100 രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം

ഒഴിവാക്കേണ്ടതാണ്.

# 1-31 യോഗപരിശീലനം-അപാകതകൾ

| പ്രോജക്ട് നമ്പർ | 42/18-19 | 43/18-19 | 44/18-19 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | ആയുഷുമായി ചേർന്ന് മുതിർന്ന പൗരൻമാർക്ക് യോഗപരിശീലനം | ആയുഷുമായി ചേർന്ന് കുട്ടികൾക്ക് യോഗപരിശീലനം | ആയുഷുമായി ചേർന്ന് വനിതകൾക്ക് യോഗപരിശീലനം |
| അടങ്കൽ | 100000/- | 100000/- | 100000/- |
| ചെലവ് | 20000/- | 21000/- | 20000/- |
| ബിൽ നം. തുക | 08/25.03.19, 20000/- | 06/25.03.19, 21000/- | 07/25.03.19, 20000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | | |

2018-19 സാമ്പത്തിക വർഷം ആയുഷുമായി ചേർന്ന് ഏകവർഷ പ്രോജക്ടായി മുതിർന്ന പൗരൻമാർക്കും കുട്ടികൾക്കും വനിതകൾക്കും പ്രത്യേകം പ്രോജക്ടുകളായി യോഗ പരിശീലന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വീതം അടങ്കൽ വകയിരുത്തി തയ്യാറാക്കിയതാണ് പ്രസ്തുത പ്രോജക്ടുകൾ. ഇതിൽ ഇൻസ്ട്രക്ടറുടെ വേതനം 12മാസത്തേക്ക് 72000/- രൂപയും, പായ്, ഷീറ്റ്, പ്രിന്റിംഗ്, സ്റ്റേഷനറി തുടങ്ങിയവക്കായി 28000/- രൂപയും വകയിരുത്തിയിരുന്നു. 10.01.19 മുതൽ 30.06.19 വരെ ഭരതന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ വെച്ചാണ് പരിശീലനം നൽകിയിട്ടുള്ളത്. ഇതിൽ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടപ്പ് സാമ്പത്തിക വർഷത്തിലും മാർച്ച് മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ സ്പിൽ ഓവറായും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

1) യോഗ ഇൻസ്ട്രക്ടറെ തെരഞ്ഞെടുത്ത പഞ്ചായത്ത് കമ്മിറ്റി തീരുമാനം, അപേക്ഷ, യോഗ്യത തെളിയിക്കുന്ന രേഖകൾ, തുക കൈമാറിയിട്ടുള്ള ബാങ്ക് അക്കൗണ്ട് സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യമല്ല. 11.09.18 ലെ 16/1ാം നമ്പർ തീരുമാനപ്രകാരം യോഗപരിശീലകനെ തെരഞ്ഞെടുക്കുന്നതിനായി പത്രത്തിൽ പരസ്യം കൊടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2) ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത ഗ്രാമസഭാ ലിസ്റ്റ്, അപേക്ഷ എന്നിവ ലഭ്യമല്ല. ആയതിനാൽ ഗുണഭോക്താക്കൾ പഞ്ചായത്ത് പരിധിയിലുള്ളവരാണോ, എല്ലാ വാർഡുകളിൽ നിന്നും പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ടോ എന്ന വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. യോഗ പരിശീലന പദ്ധതി സംബന്ധിച്ച് പ്രചാരണം നൽകിയിട്ടില്ല.

3) ലഭ്യമാക്കിയ അറ്റന്റൻസ് രജിസ്റ്ററുകൾ പ്രകാരം 60 വനിതകൾക്കും (30 പേർ വീതമുള്ള രണ്ട് ബാച്ച് 3pm-4pm), 32 മുതിർന്ന പൗരൻമാർക്കും(4pm-5pm), 17 കുട്ടികൾക്കും(5pm-6pm) പരിശീലനം നൽകിയിട്ടുണ്ട്. ഇൻസ്ട്രക്ടറുടെ അറ്റന്റൻസ് രേഖപ്പെടുത്തിയിട്ടില്ല. അറ്റന്റൻസ് രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥ പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4) ഓരോ ബാച്ചിലും എത്ര പേർ ഉണ്ടായിരിക്കണമെന്നോ, ഒരു ബാച്ചിന്റെ കാലാവധി എത്രയെന്നോ തീരുമാനിച്ചിട്ടില്ല. അറ്റന്റൻസ് രജിസ്റ്ററിലെ പേരുകൾ പരിശോധിച്ചതിൽ, ജനുവരി മുതൽ ജൂൺ വരെ ഒരേ വ്യക്തികൾ തന്നെ പരിശീലനം നേടിയിട്ടുണ്ട്.

5) ചെലവ് തുക 61000/- രൂപ (20000+21000+20000) മാറി നൽകിയിരിക്കുന്നത് ശ്രീമതി സുനിത എൽ എസ് എന്ന യോഗ ഇൻസ്ട്രക്ടറുടെ അക്കൗണ്ടിലേക്കാണ്. ഇതിൽ 60000/- രൂപ ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ഓണറേറിയവും ( ഒരു സെഷന് 400/-രൂപ വീതം) 1000/-രൂപ കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ് എടുത്തിട്ടുള്ള വകയിൽ ചെലവഴിച്ചതുമാണ്. എന്നാൽ യോഗ ഇൻസ്ട്രക്ടറുടെ അറ്റന്റൻസ് ലഭ്യമല്ല.

6) കുട്ടികളുടെ യോഗ പരിശീലന പദ്ധതിയിൽ 1000/-രൂപ ബോധവൽക്കരണ ക്ലാസ് നടത്തിയ വകയിൽ അഡ്വ.അരുണിമ ദാസ് എന്ന വ്യക്തി കൈപ്പറ്റിയിട്ടുണ്ട്. പ്രസ്തുത ക്ലാസ് എന്ന് നടന്നെന്നോ, എത്ര പേർ പങ്കെടുത്തെന്നോ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

7) ഗുണഭോക്താക്കൾ പരിശീലനത്തിൽ പങ്കെടുത്തതിന്റെയോ പൂർത്തീകരിച്ചതിന്റെയോ സർട്ടിഫിക്കറ്റുകളൊന്നും നൽകിയിട്ടില്ല.

8) പദ്ധതിയുടെ മോണിറ്ററിംഗ് നടന്നിട്ടില്ല. യോഗപരിശീലനം നടന്നതായുള്ള റിപ്പോർട്ടുകളൊന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയിട്ടില്ല. പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥനോ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ ഇടപെടുകയോ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തുകയോ ചെയ്തിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/17.07.2020) മറുപടി ലഭ്യമാക്കിയില്ല.

അപാകതകളുമായി ബന്ധപ്പെട്ട ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിൽ സ.ഉ.(കൈ) നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 പ്രകാരമുള്ള മാർഗ്ഗനിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതും പൊതു പണം ദുരുപയോഗം ചെയ്യുന്നത് ഒഴിവാക്കേണ്ടതുമാണ്.

## 1-32 കരാർ ചമച്ചതിൽ കാലതാമസം -നടപടിക്രമങ്ങൾ സ്വീകരിച്ചില്ല

1) പുളിക്കര റോഡ് സൈഡ് കോൺക്രീറ്റിംഗും ഓട നിർമ്മാണവും പദ്ധതി നം. 125/19
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ തുക – 785471/- (മെയിന്റനൻസ് ഫണ്ട് )

മേൽ പ്രവൃത്തിയിൽ കരാറുകാരനായ ശ്രീ. നാസറുദ്ദീൻ. എച്ച്. ന് 2-8-18 ൽ സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും 24-9-18 ൽമാത്രമാണ് കരാറിൽ എർപ്പെട്ടിട്ടുള്ളത്. 2012 ലെ പൊതുമരാമത്ത് മാന്വൽ 2009.6 ടെണ്ടർ ഫോമിലെ വ്യവസ്ഥ 40,41 പ്രകാരം, സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനകം കരാറിലേർപ്പെടേണ്ടതുണ്ട്. അപ്രകാരം കരാറിലേർപ്പെടേണ്ട അവസാന തീയതി 16-8-18 ആയിരുന്നു. പ്രസ്തുത തീയതിയ്ക്കകം കരാറിൽ ഏർപ്പെടാത്തപക്ഷം, തുടർന്ന് വരുന്ന 10 ദിവസത്തേയ്ക്ക് കരാർ തുകയുടെ 1% ഈടാക്കി കരാർ വയ്ക്കുവാൻ അനുവദിയ്ക്കാവുന്നതാണ്. പ്രസ്തുത നിബന്ധനയും കരാറുകാരൻ പാലിച്ചുകാണുന്നില്ല. അത്തരം സാഹചര്യത്തിൽ, കരാർ റദ്ദാക്കുമെന്ന് കരാറിലും നോട്ടിസിലും പറയുന്നുണ്ട്. മേൽപ്പറഞ്ഞ നിബന്ധന പാലിക്കാത്തതിനാൽ കരാർ

റദ്ദാക്കുന്നതിന് പകരം പ്രസ്തുത കരാറുകാരന് പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് നിബന്ധന കാലാവധി കഴിഞ്ഞ് അനുമതി നൽകിയതായിക്കാണുന്നു. പ്രസ്തുത പ്രവൃത്തിക്ക് 2018-2019 വർഷം ചെലവില്ല.

ഇക്കാര്യത്തിൽ വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.18)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

2) താഴെ പാങ്ങോട് ചെങ്കിട്ടമുക്ക് റോഡ് റീ ടാറിംഗ് കോൺക്രീറ്റിംഗ്, കോൺക്രീറ്റിംഗ് (209/19) പ്രവൃത്തിയിൽ കരാർ ചമച്ചതിലുള്ള കാലതാമസത്തിന് പിഴ ഈടാക്കിയില്ല. വിശദാംശം ഖണ്ഡിക 3-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പിഴത്തുക കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

# 1-33 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ ചെയ്യുന്നു

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദേശങ്ങൾ ജി.ഒ.(എം.എസ്.) നം 72/2017/എൽ.എസ്.ജി.ഡി. തീയതി 29-03-2017ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവുംറോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കണമെന്ന് നിർദ്ദേശിക്കുന്നു. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് 225/19 നമ്പർ പദ്ധതി പ്രകാരം തനത്ഫണ്ടിൽ 14,000/- രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല. കണക്ടിവിറ്റി മാപ്പ് ഹാജരാക്കുവാൻ ഓഡിറ്റ് റിക്വിസിഷൻ (നം.2) നൽകിയെങ്കിലും ഓഡിറ്റിന് ഹാജരാക്കിയില്ല. ആയവ തയ്യാറാക്കുന്നതിന് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ... ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 കരാർ ചമച്ചതിൽ കാലതാമസം -നടപടിക്രമങ്ങൾ സ്വീകരിച്ചില്ല

താഴെപ്പറയുന്ന പ്രവൃത്തിയിൽ, കരാർ ചമച്ചതിലുള്ള കാലതാമസത്തിന് നിയമാനുസൃത പിഴ

ഈടാക്കിക്കാണുന്നില്ല.

2012-ലെ പൊതുമരാമത്ത് മാന്വൽ 2009 -6 ടെണ്ടർ ഫോമിലെ വ്യവസ്ഥ 40, 41 പ്രകാരം സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനകം കരാറിലേർപ്പെടേണ്ടതുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തിയിൽ അപ്രകാരം കരാറിലേർപ്പെട്ടിട്ടില്ല.

| പദ്ധതിയുടെ പേര്/ നം | നോട്ടീസ് നൽകിയ തീയതി | പിഴ കൂടാതെ കരാറിലേർപ്പെടേണ്ട അവസാന തീയതി | കരാറിൽ ഏർപ്പെട്ട തീയതി | കരാറുകാരൻ/ കരാർതുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| താഴെപാങ്ങോട് ചെങ്കിട്ടമുക്ക് റോഡ് റീടാറിംഗ്, കോൺക്രീറ്റിംഗ്<br>209/19<br>അടങ്കൽ -498491/-<br>(മെയിന്റനൻസ് ഫണ്ട്)<br>ചെലവ് -498491/-<br>ബിൽ നം.4/13.08.2018 | 13-6-17 | 27-6-17 | 31-7-17 | സജീം.എ<br>4,99,000/- | 4,990 |

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.18) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പിഴ തുക കരാറുകാരനിൽ നിന്നും ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24-07-2019 മുതൽ 25-07-2019 വരെ | കെ.എസ്.എ.റ്റി.വി.എം./ജി.പി.10/ 1457/2019 തീയതി 18.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് (16650/- 2017-18 -ലെ ബാലൻസ് നിലനിൽക്കുന്നു) | ബാക്കി |
|---|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | | 8500 | കേദാരം സമഗ്ര നെൽകൃഷി വികസനം | 8500 | 0 |
| 2 | | 2018- | | 288000 | ജലശ്രീകിണർ | 89280 | 198720 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 19 | | | റീചാർജിംഗ് | | |
| 3 | | 2018-19 | | 12800 | ടി | 12800 | |
| 4 | | 2018-19 | | 7500 | ജൈവസമൃദ്ധി-തരിശുഭൂമികൃഷി | 7500 | |
| 5 | | 2018-19 | | 602905 | ലൈഫ് ഭവനപദ്ധതി ജനറൽ | 602905 | |
| 6 | | 2018-19 | | 492622 | ലൈഫ് ഭവനപദ്ധതി എസ്.സി.പി. | 342936 | 149686 |
| 7 | | 2018-19 | | 58688 | ലൈഫ് -ടി.എസ്.പി | 50500 | 8188 |
| 8 | | 2018-19 | | 700000 | ക്ഷീരസമൃദ്ധി | 700000 | |
| 9 | | 2018-19 | | 406125 | സ്നേഹസ്പർശം-മാനസിക വെല്ലുവിളികൾ നേരിട്ടുന്നവർക്ക് സ്കോളർഷിപ്പ് | 406125 | |
| 10 | | 2017-18 | 350000 | | വാഴോട്ട്കാല കുടിവെള്ളപദ്ധതി | 121689 | 228311 |
| 11 | | 2016-17 | 300000 | | ഭരതന്നൂർ മാർക്കറ്റിൽ മാലിന്യസംസ്കരണ പ്ലാന്റ് | 262500 | 37500 |
| | ആകെ | | 666650 | 2577140 | | 2604735 | 639055 |
| | ജില്ലാ പഞ്ചായത്ത്. | | 180021 | | | (180021/- 2017-18 -ലെ ബാലൻസ് നിലനിൽക്കുന്നു | |
| 1 | | 2018-19 | | 12750 | കേദാരം സമഗ്രനെൽകൃഷി വികസനപദ്ധതി | 12750 | |
| 2 | | 2018-19 | | 133920 | ജലശ്രീ കിണർ റീചാർജിംഗ് | 133920 | |
| 3 | | 2018-19 | | 420000 | ഹരിതഭവനം | 420000 | |
| 4 | | 2018-19 | | 19200 | കിണർ റീചാർജിംഗ് | 19200 | |
| 5 | | 2018-19 | | 7500 | ജൈവസമൃദ്ധിതരിശുഭൂമി കൃഷി | 7500 | |
| 6 | | 2018-19 | | 824364 | ലൈഫ് ഭവനപദ്ധതി ജനറൽ | 824364 | |
| 7 | | 2018-19 | | 930307 | ലൈഫ്ഭവനപദ്ധതി എസ്.സി.പി | 819576 | 110731 |
| 8 | | 2018-19 | | 29323 | ലൈഫ്ഭവനപദ്ധതി ടി.എസ്.പി. | 29323 | |
| 9 | | 2018-19 | | 180000 | ക്ഷീര സമൃദ്ധി | 180000 | |
| 10 | | 2018-19 | | 406125 | സ്നേഹസ്പർശം-മാനസികവെല്ലുവിളികൾ നേരിട്ടുന്നവർക്ക് സ്കോളർഷിപ്പ് | 124525 | 281600 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | | 2017-18 | * 1082843 | | ബഡ്സ് സ്കൂൾ നിർമ്മാണം | 847890 | 234953 |
| | ആകെ | | 1262864 | 2963489 | | ** 3419048 | 807305 |

*2017-18, 2016-17 എന്നീ വർഷങ്ങളിൽ ലഭിച്ച തുകയാണ്.

** സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 3414798/- രൂപയാണ്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ആയത് പൊരുത്തപ്പെടുന്നില്ല. ആപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് പേര് | മുന്നിരിപ്പ് | തൻവർഷം നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ | 2126256 | 600000 | | 2726256 |
| 2 | | വിവിധ വാർഡുകളിൽ ജല അതോറിറ്റി പൈപ്പ് ലൈൻനീട്ടൽ | | 452384 | | 452384 |
| 3 | പി.ഡബ്ളി.യു.ഡി. വൈദ്യുതി വിഭാഗം | എക്സ് കോളനി ആയിരവല്ലി അംഗൻവാടികൾക്ക് വയറിംഗ്,വൈദ്യുതി കണക്ഷൻ | | 120000 | | 120000 |
| 4. | അനെർട്ട് | പഞ്ചായത്ത് ഓഫീസ് നവീകരണം | 34025 | 858000 | | 34025 |
| 5. | കെ.എസ്.ഇ.ബി | വിശദാംശം ലഭ്യമാക്കിയില്ല | | | | |

അനെർട്ടിൽ മുൻകൂറായി നൽകിയ 858000/- രൂപ AFSൽ ഉൾപ്പെട്ടിട്ടില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | ജി.ഒ(എം.എസ്)273/ 10/ ത.സ്വ.ഭ.വ തീയതി 27.01.2011 | 21694500 | 3550752 | 2169450 | 0 | 1381302 |
| ടി | 90/2013, തീയതി 14-3-13 | 8525000 | 3770393 | 852500 | 0 | 2917893 |
| ലൈഫ്ഭവന വായ്പ | ജി.ഒ.(എം.എസ്)34/18 തീയതി,16.3.18,<br>ജി.ഒ.(എം.എസ്)100/2018 തീയതി, 30.07.18<br>ജി.ഒ.(എം.എസ്.)110/2018 തീ.13.08.18 | 14833619 | - | - | - | 14833619 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2017-18 | 3.3 | 1,19,167/- | സനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 118.30104919 തീയതി01-02-2019 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 13,40,69,144 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,28,08,788 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 4,990 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,21,150 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4,990 | ശ്രീ. സനിൽ കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 2,59,050 | ഡോ.അനില പീതാംബരൻ,വെറ്റിനറി സർജൻ |
| 1-30 | 1,62,100/- | 1)ശ്രീ.സന്തോഷ് കുമാർ ജെ.എസ്.,സെക്രട്ടറി, 3000/- |
| | | 2)ശ്രീമതി. വത്സല ആർ., സെക്രട്ടറി 159100/- |
| ആകെ | 421150/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1. | ശ്രീ.സനിൽ കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | സാരസം, ശൂലംകുടി, പൂവാർ പി.ഒ., തിരുവനന്തപുരം |
| 2. | ശ്രീ.സന്തോഷ്കുമാർ ജെ.എസ്, സെക്രട്ടറി | ലഭ്യമല്ല | ശ്രേയസ്സ്, RRA48, രാമപുരം ലെയിൻ, അമ്പലംമുക്ക്, മുക്കോലയ്ക്കൽ പി.ഒ |
| 3. | ശ്രീമതി.വൽസല.ആർ, സെക്രട്ടറി | ലഭ്യമല്ല | ഗീതാഞ്ജലി, പുലിയൂർ, പച്ച പി.ഒ |
| 4. | ഡോ.അനിത പീതാംബരൻ, വെറ്റിനറി സർജൻ | ലഭ്യമല്ല | പ്ലാവിള വീട്, കൈലാട്ടു കോണം, കുറക്കാട്, തിരുവനന്തപുരം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. ഖണ്ഡിക നമ്പർ | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം. ജി.പി.10/955/2018 തീയതി 10-07-2018 | 4 | ഇല്ല |
| 2001-02 | കെ.എസ്.എ.റ്റി.വി.എം. ജി.പി.10/955/2018 തീയതി 10-07-2018 | 1 | “ |
| 2002-03 | കെ.എസ്.എ.റ്റി.വി.എം. ജി.പി.10/955/2018 തീയതി 10-07-2018 | 1 | “ |
| [illegible] | [illegible] | [illegible] | “ |

| | | | |
|---|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം.<br>ജി.പി.10/955/2018<br>തീയതി 10-07-2018 | 1 | “ |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.<br>ജി.പി.10/955/2018<br>തീയതി 10-07-2018 | 2 | “ |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.<br>ജി.പി.10/955/2018<br>തീയതി 10-07-2018 | 5 | “ |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.<br>ജി.പി.10/955/2018<br>തീയതി 10-07-2018 | 7 | “ |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.<br>ജി.പി.10/955/2018<br>തീയതി 10-07-2018 | 4 | “ |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.<br>ജി.പി.10/955/2018<br>തീയതി 10-07-2018 | 6 | “ |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.<br>ജി.പി.10/955/2018<br>തീയതി 10-07-2018 | 13 | “ |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.<br>ജി.പി.10/955/2018<br>തീയതി 10-07-2018 | 15 | “ |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.<br>ജി.പി.10/955/2018<br>തീയതി 10-07-2018 | 7 | “ |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.<br>ജി.പി.10/955/2018<br>തീയതി 10-07-2018 | 9 | “ |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.<br>ജി.പി.10/955/2018<br>തീയതി 10-07-2018 | 7 | “ |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.<br>ജി.പി.10/2156/16<br>തീയതി 10-07-2018 | 5 | “ |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ.റ്റി.വി.എം.<br>ജി.പി.10/1894/17<br>തീയതി 26-09-2017 | 20 | " |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.<br>ജി.പി.10/2330/18<br>തീയതി 20.10.2018 | 34 | " |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്

എസ്.12/10/2020

# അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പ◌ാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ പ◌ാങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എസ്.12/10/2020